# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

22.05.2017 ലെ മറുപടിയ്ക്ക്

**നക്ഷത്ര ചിഹ്നമിട്ട**
**നിയമസഭാ**
**ചോദ്യം നമ്പർ.541**

## <u>അഖിലേന്ത്യാ പൊതു പ്രവേശന പരീക്ഷാ നടത്തിപ്പിലെ വീഴ്ചകൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. എം. ആരിഫ്**<br>**ശ്രീ. സി.കെ. ഹരീന്ദ്രൻ**<br>**ശ്രീ. എ.എൻ. ഷംസീർ**<br>**ശ്രീ. കെ. ദാസൻ** | | **പ്രൊ. സി. രവീന്ദ്രനാഥ്**<br>**(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** | |
| (എ) | അഖിലേന്ത്യാ അടിസ്ഥാനത്തിലുള്ള പൊതു പ്രവേശന പരീക്ഷ സ്വാഗതാർഹമാണെങ്കിലും പരീക്ഷാ നടത്തിപ്പിൽ മുൻ വർഷങ്ങളിലേതുപോലെ ഇപ്രാവശ്യവും ഗുരുതരമായ പ്രശ്നങ്ങൾ ഉയർന്നത് കേന്ദ്ര സർക്കാരിന്റെയും സി.ബി.എസ്.ഇ. യുടെയും ശ്രദ്ധയിൽപ്പെട്ടുത്തിയിട്ടുണ്ടോ; | (എ) | ഇക്കാര്യം ചൂണ്ടിക്കാട്ടി കേന്ദ്ര മാനവ വിഭവശേഷി വകുപ്പ് മന്ത്രിയ്ക്ക് വിദ്യാഭ്യാസ വകുപ്പ് മന്ത്രി കത്ത് അയച്ചിട്ടുണ്ട്. |
| (ബി) | അടുത്ത വർഷം മുതൽ എഞ്ചിനീയറിംഗ് പരീക്ഷ കൂടി സി.ബി.എസ്.ഇ. നടത്താൻ നിശ്ചയിച്ചിരിക്കുന്ന സാഹചര്യത്തിൽ വിദ്യാർത്ഥികളെ അധിക്ഷേപിക്കുകയും മാനസികമായി തളർത്തുകയും ചെയ്യുന്ന തരത്തിലുള്ള നടപടികളുണ്ടാകരുതെന്ന് ബന്ധപ്പെട്ട അധികൃതർക്ക് നിർദ്ദേശം നൽകുമോ; | (ബി) | നിർദ്ദേശം നൽകുന്നതാണ്. |
| (സി) | ഇത്തരം പരീക്ഷകളുടെ നടത്തിപ്പിൽ സി.ബി.എസ്.ഇ. യുടെ ഭാഗത്തുനിന്ന് വീഴ്ചകളുണ്ടായ സാഹചര്യത്തിൽ സംസ്ഥാനത്ത് ഈ പരീക്ഷകളുടെ നടത്തിപ്പിന്റെ മേൽനോട്ടം ഇക്കാര്യത്തിൽ പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ള സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണറേറ്റിനെ ഏല്പിക്കാൻ ആവശ്യപ്പെടുമോ? | (സി) | ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവ് പ്രകാരം രാജ്യത്തെ എം.ബി.ബി.എസ്., ബി.ഡി.എസ് പ്രവേശനം ഏകീകൃത പ്രവേശന പരീക്ഷയായ നീറ്റ് - യു.ജി. യുടെ റാങ്കിന്റെ അടിസ്ഥാനത്തിൽ ആയിരിക്കും. പ്രസ്തുത പ്രവേശന പരീക്ഷയുടെ നടത്തിപ്പ് ചുമതല സി.ബി.എസ്.ഇ. യ്ക്കാണ് നൽകിയിരിക്കുന്നത്. സംസ്ഥാനത്ത് നടന്ന നീറ്റ് പരീക്ഷയിൽ ഗുരുതരമായ ചില വീഴ്ചകൾ സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതി ഏകീകൃത പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ മാത്രമേ |

പ്രവേശനം നടത്താൻ പാടുള്ളു എന്ന് ഉത്തരവിട്ടിരിക്കുന്നതിനാൽ പരീക്ഷാ നടത്തിപ്പ് സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണറെ ഏൽപിക്കണമെന്ന് ആവശ്യപ്പെടാൻ സാധിക്കില്ല.

സെക്ഷൻ ഓഫീസർ